



# ലീഡ്സ് കൊല്ലം
LEADS KOLLAM

ശാസ്ത്രീയ ഉപദേശ മാസിക

| പുസ്തകം : 4 | ലക്കം : 6 | മെയ് 2017 | പേജ് : 6 |


# ഇക്കോളജിക്കൽ എൻജിനീയറിംഗ്

ആവാസ വ്യവസ്ഥയിൽ അധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കീട നിയന്ത്രണ സംവിധാനമാണ് ഇക്കോളജിക്കൽ എൻജിനീയറിംഗ്. നൂതന സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായി സംയോജിത കീടരോഗനിയന്ത്രണവും വിളപരിപാലന മാർഗ്ഗങ്ങളും നടപ്പിലാക്കുകയാണ് ഇതിലൂടെ സാധ്യമാക്കുന്നത്. രാസകീടനാശിനികളെ അമിതമായി ആശ്രയിക്കുന്ന ഈ കാലഘട്ടത്തിൽ ജൈവകൃഷിക്ക് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മിത്രപ്രാണികളെ ഉപയോഗിച്ചുള്ള കീടനിയന്ത്രണം. ചെടിയുടെ മുകൾ പരപ്പിലും മണ്ണിനടിയിലുള്ള ആവാസ വ്യവസ്ഥകളെ സമഗ്രമായി പരിപോഷിപ്പിക്കുന്ന ഇടപെടലാണ് ഇക്കോളജിക്കൽ എൻജിനീയറിംഗ്. സൂക്ഷ്മജീവികളെ ഉപയോഗിച്ചുള്ള വിത്തു പരിചരണം, ജീവാണു വളപ്രയോഗം, പൂച്ചെടികൾ ഉപയോഗിച്ചുള്ള ജൈവവേലി തുടങ്ങിയ മാർഗ്ഗങ്ങളാണ് ഈ രീതിയിൽ അനുവർത്തിക്കുന്നത്. ജൈവവേലി നിർമ്മിക്കുന്നതിനായി ചെണ്ടുമല്ലി, മാങ്ങാനാറി, ജമന്തി, സൂര്യകാന്തി, പയർ, പുതിന, ആവണക്ക് തുടങ്ങിയ പൂച്ചെടികൾ നട്ടുപിടിപ്പിക്കണം. ശത്രുകീടങ്ങളെ കെണിയിലാക്കുകയും വികർഷിക്കുകയും ചെയ്യുന്ന സസ്യങ്ങൾ, പൂന്തേനും പൂമ്പൊടിയും നൽകി മിത്രപ്രാണികളെ ആകർഷിക്കുന്ന പൂച്ചെടികൾ എന്നിവ ഈ രീതീയിൽ പ്രയോജനപ്പെടുത്താം. പ്രാദേശികമായി ലഭ്യമാകുന്ന സസ്യങ്ങളെ ഉപയോഗിച്ചുള്ള ഇക്കോളജിക്കൽ എൻജിനീയറിംഗ് വഴി കർഷകർക്ക് കീടനിയന്ത്രണത്തിന് പുറമെ അധികവരുമാനമുണ്ടാക്കുന്നു. ജൈവസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും ഇതിലൂടെ സാധ്യമാകുന്നു. ഭക്ഷ്യസുരക്ഷയും സുരക്ഷിത ഭക്ഷണവും ഉറപ്പുവരുത്തുന്നതിൽ ഇക്കോളജിക്കൽ എൻജിനീയറിംഗ് എന്ന ഈ സാങ്കേതിക വിദ്യയ്ക്ക് പ്രധാനപ്പെട്ട പങ്ക് വഹിക്കാനാവും. കൃഷിയിടത്തിൽ നിന്നും അന്യമാകുന്ന ജൈവവൈവിധ്യത്തേയും ഇതിലൂടെ നമുക്ക് കൊണ്ടുവരാം.




| ചീഫ് എഡിറ്റർ | അസി. എഡിറ്റർ | | |
|---|---|---|---|
| നജീബ് പി.എച്ച്.<br>Project Director (ATMA) i/c | ആർ. ലില്ലി എഡ്വിൻ<br>Deputy Project Director (ADA) | ജിതേഷ് വി.ജി.<br>അൽഫിയ ബീഗം എ.<br>Technology Managers | ഡിസൈൻ<br>ബിജു പുത്തൂർ |



# ജൂൺ മാസത്തിലെ കൃഷിപരിപാലനം

## നെല്ല്



വിരിപ്പ് നടീൽ ഇപ്പോൾ തുടരാം. കഴിഞ്ഞമാസം പൊടിഞാറ്റടി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഞാറുകൾ പറിച്ചുനടാൻ പാകമായിരിക്കും. പറിച്ചുനടാൻ സാഹചര്യമില്ലാത്ത സ്ഥലങ്ങളിൽ മഴലഭിച്ച് കണ്ടം ചെളിപ്പരുവമാകുമ്പോൾ ചേറ്റുവിത നടത്താം. ഇതിനായി മുളപ്പിച്ച വിത്ത് ചെളിപ്പരുവത്തിലാക്കിയ കണ്ടങ്ങളിൽ വെള്ളം വാർത്തശേഷം വിതയ്ക്കണം. സ്യൂഡോമോണാസ് 10 ഗ്രാം ഒരു കി.ഗ്രാം വിത്തിനെന്ന തോതിൽ കുതിർത്തശേഷം വിതയ്ക്കുന്നത് ബാക്ടീരിയൽ, ഫംഗൽ രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സാധിക്കും.

കൃഷി ആരംഭിച്ചിട്ടില്ലെങ്കിൽ വിരിപ്പ് കൃഷിക്കായി ഇപ്പോഴും ഞാറ്റടി തയ്യാറാക്കാം. തണുക്കെ മഴകിട്ടിക്കഴിഞ്ഞ് നിലമുഴുത് പൊടിക്കുക. ഒരു ചതുരശ്രമീറ്ററിന് ഒരു കി.ഗ്രാം വീതം ചാണകപ്പൊടി/ കമ്പോസ്റ്റ് ചേർക്കുക. സ്യൂഡോമോണസ് ഉപയോഗിച്ച് വിത്തുപചാരം നടത്തിയ ശേഷം വിതയ്ക്കുക. ആദ്യ ഉഴവിൽതന്നെ ജൈവവളം ചേർത്തുകൊടുക്കണം. അവസാന ഉഴവിന്റെ കൂടെ 140 കി.ഗ്രാം കുമ്മായം ഏക്കറിന് എന്ന തോതിൽ ചേർത്തുകൊടുക്കുക.

ഞാറിന് 18-20 ദിവസമാകുമ്പോൾ പറിച്ചുനടാവുന്നതാണ്. അടിവളമായി മുഴുവൻ ഫാക്ടംഫോസും, മൂന്നിലൊന്ന് വീതം യൂറിയയും, പൊട്ടാഷും ചേർക്കണം. നെല്ലിന് ഒന്നാം വളപ്രയോഗം ചിനപ്പ് പൊട്ടുന്ന സമയത്തും, രണ്ടാംവളപ്രയോഗം അടിക്കണ പരുവത്തിലും കളയെടുത്ത ശേഷം നൽകുക.



### വളപ്രയോഗം

| | |
|---|---|
| അടിവളം | ഫാക്ടംഫോസ് 70-90 കി.ഗ്രാം |
| | പൊട്ടാഷ് 10 കി.ഗ്രാം |
| മേൽവളം (25 ദിവസത്തിന് / ശേഷം നൽകുക) | |
| | യൂറിയ 25-30 കി.ഗ്രാം |
| | പൊട്ടാഷ് 10-12 കി.ഗ്രാം |
| മൂന്നാംവളം (മേൽവളമിട്ട് 25 ദിവസത്തിന് ശേഷം) | |
| | : യൂറിയ 20 കി.ഗ്രാം |
| | : പൊട്ടാഷ് 10 കി.ഗ്രാം |

### സസ്യ സംരക്ഷണം

മഴക്കാലമായതിനാൽ **ഗാളീച്ച**യുടേയും, ഓലചുരുട്ടിപ്പുഴുവിന്റേയും ആക്രമണം കാണപ്പെടാം. ഗാളീച്ചയുടെ നിയന്ത്രണ മാർഗ്ഗമെന്ന നിലയിൽ നന്നായി പൊടിച്ച വേപ്പിൻപിണ്ണാക്ക് ഒരു സെന്റിന് 2 കി.ഗ്രാം എന്ന തോതിൽ ഇട്ടുകൊടുക്കുന്നത് കീടാക്രമണം കുറയ്ക്കാൻ സഹായിക്കും. ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ ക്ലോർപൈറിഫോസ് (ഡർസ്ബാൻ 20 EC) 1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിയ്ക്കുക.



ഗാളീച്ച

**ഓലചുരുട്ടി**ക്കെതിരെ ട്രൈക്കോഗ്രാമ ചിലോണിസ് (2CC) കാർഡുകൾ ആറാഴ്ച തുടർച്ചയായി പാടത്ത് വെയ്ക്കണം. ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ ഫ്ളൂബെൻഡാമൈഡ് (ഫെയിം 480 SC) 20 മി.ലി. ഏക്കറിന് അല്ലെങ്കിൽ ഫ്ളൂ ബെൻഡാമൈഡ് (ടക്കുമി 20 WDG) 50 ഗ്രാം ഏക്കറിന് അല്ലെങ്കിൽ ഇൻഡോക്സാ കാർബ് (അവാണ്ട് 15.8 EC) 80 മി.ലി. ഏക്കറിന് എന്ന തോതിൽ 200 ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ചുകൊടുക്കുക.



ഓല ചുരുട്ടി

**കുഴൽപ്പുഴു**വിന്റെ ആക്രമണം കാണുകയാണെങ്കിൽ പ്ലാസ്റ്റിക് കയർകൊണ്ട് നെൽപ്പാടത്തിന് മുകളിലൂടെ വലിച്ചുവിടുക വഴി പുഴുക്കളെല്ലാം താഴെവീണുകിട്ടും. ശേഷം വെള്ളം കയറ്റി പുഴുക്കളെ നശിപ്പിക്കാം. പിന്നീട് 3 ദിവസം വെള്ളം കയറ്റാൻ പാടുള്ളതല്ല. ഒരു ലിറ്റർ മണ്ണെണ്ണ 25 കി.ഗ്രാം അറക്കപ്പൊടിയുമായി കലർത്തി വെള്ളം നിൽക്കുന്ന ഭാഗങ്ങളിൽ ഇട്ടുകൊടുക്കുക.



കുഴൽപുഴു

## തെങ്ങ്



തെങ്ങിൻതൈകൾ നേരത്തെ തയ്യാറാക്കിയിട്ടിരിക്കുന്ന കുഴികളിൽ ഇപ്പോൾ നടാം. നല്ല ആരോഗ്യമുള്ള തൈകൾ നടാനായി തിരഞ്ഞെടുക്കുക. തൈകൾ കുഴിയുടെ നടുക്കായി നട്ട് ചുറ്റുമുള്ള മണ്ണ് നന്നായി ചവിട്ടിയുറപ്പിക്കണം. ഓലകൾ ചെറുതായി കൂട്ടിക്കെട്ടുന്നത് തൈകൾ കാറ്റത്താടി ഇളകിമറിയാതിരിക്കാൻ സഹായിക്കും. തെങ്ങിൻകുഴികളിൽ ഒഴുകിവരുന്ന മഴവെള്ളം ഇറങ്ങാതിരിക്കാ



നായി കുഴിയുടെ മുകളിൽ അരികിലായി മണ്ണ്വച്ച് ചെറിയ തിട്ടയുണ്ടാക്കണം.

കനത്തമഴകിട്ടിയാൽ തെങ്ങിൻതടം തുറക്കാം. തടം തുറന്ന് ഒരു കിലോഗ്രാം കുമ്മായം/ഡോളമൈറ്റ് വിതറുക. രണ്ടാഴ്ച കഴിഞ്ഞ് ഓരോ തടത്തിലും 20–25 കി.ഗ്രാം ചാണകം/കമ്പോസ്റ്റ്/പച്ചിലവളം ചേർക്കാം. നനയില്ലാത്ത നാടൻ തെങ്ങുകൾക്ക് 375 ഗ്രാം യൂറിയ, 285 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 350 ഗ്രാം പൊട്ടാഷ് എന്നിവ ചേർത്ത് തടം ഭാഗികമായി മൂടുക. ഉൽപ്പാദനശേഷി കൂടിയ സങ്കരയിനം തെങ്ങുകൾക്ക് 550 ഗ്രാം യൂറിയ, 500 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 835 ഗ്രാം മ്യൂറേറ്റ് ഓഫ്പൊട്ടാഷ് എന്നിവ ചേർത്ത് തടം ഭാഗികമായി മൂടുക. ഒരുവർഷം പ്രായമായ തൈകൾക്ക് മേൽപ്പറഞ്ഞ അളവിന്റെ മൂന്നിലൊന്നും, രണ്ട്വർഷമായ തൈകൾക്ക് മേൽപ്പറഞ്ഞ അളവിന്റെ മൂന്നിലൊന്നും, രണ്ട്വർഷം പ്രായമായവയ്ക്ക് മൂന്നിൽ രണ്ടും ചേർക്കാം. നേർവളങ്ങൾക്കു പകരം കോക്കനട്ട് മിശ്രിതം ഉപയോഗിക്കുകയാണെങ്കിൽ ഒരു തെങ്ങിന് 1/3 ഭാഗം ജൂൺ മാസത്തിൽ നൽകേണ്ടതാണ്.

### ചെയ്യാം കൊത്തും കിളയും

തെങ്ങിൻതോപ്പിൽ ക്രമമായി ഇടയിളക്കുന്നത് ഉൽപ്പാദനം വർദ്ധിക്കുവാനും അത് നിലനിർത്തുന്നതിനും സഹായകമാണ്. രണ്ട്തവണയാണ് ഇടയിളക്കേണ്ടത്. മഴ തുടങ്ങുന്നതോടുകൂടിയും, മഴക്കുശേഷവും ഇടയിളക്കൽ നടത്താം. കൊത്തും കിളയും നടത്തുന്നതിലൂടെ കളവളർച്ച തടയുവാനും മണ്ണിലവ അഴുകിച്ചേർന്ന് വളമായി മാറുന്നതിനും സഹായിക്കുന്നു. മാത്രമല്ല മഴവെള്ളം മണ്ണിൽ ഊർന്നിറങ്ങുവാനും ഇത് സഹായിക്കുന്നു.

### വിത്തു തേങ്ങകൾ പാകാം

തവാരണയ്ക്ക് ഒന്നരമീറ്റർ വീതിയും ആവശ്യത്തിന് നീളവുമാകാം. തടത്തിൽ 30 സെ.മീ. അകലത്തിൽ ചാലുകൾ കീറി വിത്തുതേങ്ങ പാകി ഇടയ്ക്കുള്ള സ്ഥലം മണ്ണിട്ട് മൂടുക. തേങ്ങയുടെ മുകൾഭാഗം മണലിന് വെളിയിൽ കാണണം. തവാരണയിൽ നിന്നും മണ്ണൊലിപ്പ് തടയാനും തണൽ നൽകാനും ഉണങ്ങിയ തെങ്ങോലകൾ കൊണ്ട് പുതയിടുക. മഴ കുറവാണെങ്കിൽ ഒന്നു രണ്ടുതവണ നനയ്ക്കുക.

## സസ്യസംരക്ഷണം

### ഓലചീയൽ

മഴക്കാലയമായതിനാൽ ഓലചീയൽ കാണുവാൻ സാധ്യതയുണ്ട്. 1% വീര്യമുള്ള ബോർഡോമിശ്രിതം അല്ലെങ്കിൽ 0.2% കോപ്പർ ഓക്സി ക്ലോറൈഡ് (ഫൈ



റ്റോലാൻ 50WP) 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി ഉപയോഗിക്കുക. നാമ്പോലയിലും, ചുറ്റുമുള്ള രണ്ടോ മൂന്നോ ഓലകളിലും തളിയ്ക്കുക.

### കൂമ്പ് ചീയൽ

രോഗബാധയുള്ള തെങ്ങിന്റെ നാമ്പോല ഒടിഞ്ഞു തൂങ്ങുമ്പോൾ തന്നെ ചീഞ്ഞഭാഗം ചെത്തിമാറ്റി തീയിട്ട് നശി



പ്പിക്കണം. മുറിപ്പാടിലും അതിന് ചുറ്റും ബ്ലീച്ചിംഗ് പൗഡർ ലായനി ഉപയോഗിച്ച് വൃത്തിയാക്കിയ ശേഷം 10% വീര്യമുള്ള ബോർഡോകുഴമ്പ് പുരട്ടുകയും വാഴയിലകൊണ്ട് പൊതിഞ്ഞു സൂക്ഷിക്കുകയും ചെയ്യുക. ചുറ്റുമുള്ള തെങ്ങുകൾക്ക് 1% വീര്യമുള്ള ബോർഡോമിശ്രിതലായനി തളിച്ചുകൊടുക്കുന്നത് രോഗം കൂടുതൽ പടരാതിരിക്കുന്നതിന് സഹായിക്കും. തെങ്ങിൻതോപ്പിൽ വെള്ളം വാർന്നു പോകാനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടത് അത്യാവശ്യമാണ്.

കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നിവയുടെ ആക്രമണം ശ്രദ്ധിക്കേണ്ടതും ശുപാർശ ചെയ്തിരിക്കുന്ന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

## വാഴ



ഏപ്രിൽ മാസം നട്ടവാഴകൾക്ക് ഇപ്പോൾ വളംനൽകാം. വാഴയൊന്നിന് 65 ഗ്രാം യൂറിയ, 275 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 100 ഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്നിവ നൽകുക. വാഴത്തോട്ടങ്ങളിൽ നീർവാർച്ച സുഗമമാക്കുക. കുലച്ച നേന്ത്രന് ചുവടൊന്നിന് 65 ഗ്രാം വീതം യൂറിയ നൽകാം.

മഴക്കാലമായതിനാൽ സിഗാട്ടോക്ക രോഗം പൊതുവെ കാണപ്പെടാം. രോഗബാധയേറ്റ ഇലകൾ മുറിച്ചുമാറ്റി കത്തിച്ചു നശിപ്പിക്കണം. 1% വീര്യമുള്ള ബോർഡോമിശ്രിതം തളിച്ചുകൊടുക്കുക. അല്ലെങ്കിൽ ഡൈത്തേൻ M45 രണ്ട് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് അല്ലെങ്കിൽ സ്യൂഡോമോണസ് കൾച്ചർ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് 2–3 തവണ തളിക്കുക.

കൊമ്പൻചെല്ലി സാധാരണയായി തെങ്ങിനെയായിരുന്നു ആക്രമിക്കാറുള്ളതെങ്കിലും അടുത്തകാലത്തായി

>>> ശേഷം പേജ് 4



വാഴകളേയും ആക്രമിച്ചു കണ്ടുവരുന്നു. ഇതിന് പരിഹാരമായി വാഴയുടെ ഇലക്കവിളുകളിൽ വേപ്പിൻകുരു പൊടിച്ചത്/ അല്ലെങ്കിൽ പാറ്റാഗുളിക ഇട്ടുകൊടുക്കുക. കൂടാതെ വളക്കുഴികളിൽ പെരുവലത്തിന്റെ ഇല ഇട്ടുകൊടുക്കുന്നതും, മെറ്റാറൈസിയം ലായനി തളിച്ചുകൊടുക്കുന്നതും കൊമ്പൻ ചെല്ലികളെ നിയന്ത്രിക്കാം. തോട്ടത്തിന്റെ ശുചിത്വവും ഉറപ്പുവരുത്തുക. വേപ്പിൻകുരു പൊടിച്ചത് നൽകുന്നത് പിണ്ടിപ്പുഴുവിന്റെ ആക്രമണത്തേയും ചെറുക്കും.

# പച്ചക്കറികൾ



### ജൂൺമാസത്തിൽ കൃഷി ചെയ്യാവുന്ന പച്ചക്കറികൾ


| ക്രമ നമ്പർ | വിള | വിത്തിന്റെ അളവ് (സെന്റൊന്നിന്) | അകലം | ഇനങ്ങൾ |
|---|---|---|---|---|
| 1 | വെണ്ട | 30 ഗ്രാം | 60 x 45 സെ.മീ. | അർക്ക അനാമിക, സുസ്ഥിര, സൽക്കീർത്തി |
| 2 | വള്ളിപ്പയർ | 16 - 20 ഗ്രാം | 2 x 2 മീ. | ലോല, വൈജയന്തി |
|  | കുറ്റിപ്പയർ | 80 - 100 ഗ്രാം | 30 x 15 സെ.മീ. | ഭാഗ്യലക്ഷ്മി, കനകമണി |
| 3 | വഴുതന | 2 ഗ്രാം | 25 x 60 സെ.മീ. | സൂര്യ, ശ്വേത, നീലിമ, ഹരിത |
| 4 | മുളക് | 4 ഗ്രാം | 75 x 45 സെ.മീ. | ജ്വാലാമുഖി, ജ്വാലാസഖി, ഉജ്വല, അനുഗ്രഹ |
| 5 | പാവൽ | 10 ഗ്രാം | 2 x 2 മീ. | പ്രിയ, പ്രീതി, മായ |
| 6 | പടവലം | 10 ഗ്രാം | 2 x 2 മീ. | മനുശ്രീ, കൗമുദി, ബേബി, TA - 19 |
| 7 | കുമ്പളം | 4 ഗ്രാം | 4.5 x 2 മീ. | കെ.എ.യു. ലോക്കൽ, ഇന്ദു |

മഴക്കാലത്ത് തൈകൾ ചീഞ്ഞുപോകുന്നത് തടയാൻ 1% വീര്യമുള്ള ബോർഡോമിശ്രിത ലായനി ഒരുമാസത്തെ ഇടവേളകളിൽ തളിച്ചുകൊടുക്കാവുന്നതാണ്. നടുന്നതിന് രണ്ടാഴ്ച മുൻപ് കുമ്മായം/ഡോളമൈറ്റ് ചേർത്തുകൊടുക്കണം. 4 ഇല പ്രായം മുതൽ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ചുകൊടുക്കുന്നത് ബാക്ടീരിയ-ഫംഗൽ രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സഹായിക്കും. 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതമോ, 5% വീര്യമുള്ള വേപ്പിൻകുരു എമൽഷനോ തളിക്കുന്നത് നീരൂറ്റിക്കുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കുന്നതിന് സഹായിക്കും.

## കുരുമുളക്



പുതുതായി തൈകൾ നടാനുള്ള കുഴികൾ ഇപ്പോൾ തയ്യാറാക്കാം. 50x50x50 സെ.മീ. ചതുരവും, ആഴവുമുള്ള കുഴികളെടുത്ത് അതിൽ കുഴി ഒന്നിന് 5 കി.ഗ്രാം ചാണകപ്പൊടിയും, മേൽമണ്ണും ചേർത്ത മിശ്രിതം കൊണ്ട് നിറച്ചിടണം, ഇതിൽ ജൂൺ പകുതിക്കുശേഷം നടാവുന്നതാണ്.



നിലവിലുള്ള കൊടികൾക്ക് ഇപ്പോൾ രാസവളം നൽകാം. കൊടി ഒന്നിന് ഫാക്ടംഫോസ് 83 ഗ്രാം, പൊട്ടാഷ് 83 ഗ്രാം (ഒരു വർഷം പ്രായമായ കൊടിക്ക്); ഫാക്ടംഫോസ് 125 ഗ്രാം, പൊട്ടാഷ് 125 ഗ്രാം (2 വർഷം പ്രായമായ കൊടിക്ക്); ഫാക്ടംഫോസ് 250 ഗ്രാം, പൊട്ടാഷ് 250 ഗ്രാം ( 3 വർഷം മേലെ പ്രായമുള്ളവയ്ക്ക്). ഒരു ഗ്രാം ട്രൈക്കോഡർമ 90 കി.ഗ്രാം ചാണകവും 10 കി.ഗ്രാം വേപ്പിൻ പിണ്ണാക്കുമായി കലർത്തി ചാക്കുകൊണ്ട് മൂടിയിട്ട് പരുവപ്പെടുത്തിയശേഷം 50 ഗ്രാം വീതം ഒരു കൊടിക്ക് എന്ന കണക്കിന് തടത്തിൽ ചേർത്തു കൊടുക്കാം. ഇത് ദ്രുതവാട്ടത്തെ ചെറുക്കും. രോഗം കാണുന്നുവെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് (ഫൈറ്റോലാൻ 50 WP) 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തടം കുതിർക്കുക. മുൻകരുതലായി സ്യൂഡോമോണസ് പൊടി 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി ഒഴിച്ചുകൊടുക്കുകയും ചെയ്യാം.

## ഇഞ്ചി/മഞ്ഞൾ



കളയെടുപ്പ് നടത്തിയശേഷം ആദ്യ മേൽവളം നൽകാം. ഇഞ്ചിക്ക് ഹെക്ടറിന് 37.5 കി.ഗ്രാം യൂറിയയും, മഞ്ഞളിന് 10 കി.ഗ്രാം യൂറിയയുമാണ് ഇപ്പോൾ നൽകേണ്ടത്. വളം നൽകിയശേഷം വീണ്ടും പച്ചിലകൊണ്ട് പുതയിടണം. ഇഞ്ചിത്തടത്തിൽ പച്ചച്ചാണക സ്ലറി ഒഴിക്കുന്നത് കൂടുതൽ ഗുണകരമായിരിക്കും. അഴുകൽ രോഗം കണ്ടാൽ 1% വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിയ്ക്കാവുന്നതാണ്.



## കമുക്



ഇടച്ചാലുകൾ വൃത്തിയാക്കി നീർവാർച്ച സുഗമമാക്കുക. ഇടവിളയായി ഇഞ്ചി, വാനില, കുരുമുളക്, ഒട്ടുജാതി, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗവിളകൾ, തീറ്റപ്പുല്ല് എന്നിവ വളർത്താം.



മണ്ണിലെ വെള്ളക്കെട്ട് മൂടഴുകൽ ഉണ്ടാക്കും (ഗാനോഡെർമ വാട്ടം). ഹെക്സാകോണസോൾ (കോണ്ടാഫ് 5 EC) 0.8 മി.ലി./കോപ്പർ ഓക്സി ക്ലോറൈഡ് (ഫൈറ്റോലാൻ 50 WP) 30 മി.ലിയും നൽകുകയും 2 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ഒരു മൂടിന് എന്ന തോതിലും ലഭ്യമാക്കുക.

## കൂർക്ക



ജൂൺമാസം കൂർക്ക നടുവാൻ അനുയോജ്യമായ കാലമാണ്. കൃഷി ആദായകരമാക്കാൻ മികച്ച ഇനങ്ങളായ സുഫല, ശ്രീധര, നിധി എന്നിവ കൃഷി ചെയ്യാവുന്നതാണ്. കിഴങ്ങുകളോ വള്ളിത്തലപ്പുകളോ നടാം. കൃഷിയിടം 15-20 സെ.മീ. താഴ്ചയിൽ ഉഴുകയോ കിളയ്ക്കുകയോ ചെയ്യണം. അതിൽ 45 സെ.മീ. അകലത്തിൽ വാരങ്ങൾ തയ്യാറാക്കണം. സെന്റിന് 40 കി.ഗ്രാം. ചാണകം, 260 ഗ്രാം യൂറിയ, 1.2 കി.ഗ്രാം. രാജ്ഫോസ്, 300 ഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്നിവ നടുമ്പോൾ വിതറാം. നട്ട് 45 ദിവസം കഴിഞ്ഞ് 260 ഗ്രാം യൂറിയ, 300 ഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്നിവ മേൽവളമായും നൽകാം.



## എം.ടി.എ. യിൽ പരിഹരിച്ച പ്രശ്ന പരിഹാരങ്ങൾ

### ചേനയിലെ തണ്ട് അഴുകൽ



ചേന നടുമ്പോൾത്തന്നെ രോഗകീടബാധയില്ലാത്ത ചേന കഷണങ്ങൾ നടീൽ വസ്തുവായി ഉപയോഗിക്കുക. മഴക്കാലമായതിനാൽ നല്ല നീർവാർച്ചാ സൗകര്യം ഉറപ്പുവരുത്തുക. ചേന നടുമ്പോൾ തന്നെ ഒരു ചുവട്ടിൽ 200 ഗ്രാം വേപ്പിൻപിണ്ണാക്ക്, 50 ഗ്രാം ട്രൈക്കോഡെർമ സമ്പുഷ്ടീകൃത ചാണകപ്പൊടി എന്നിവ നൽകുന്നത് ഈ രോഗത്തെ ചെറുക്കുന്നതിന് സഹായിക്കും. രോഗലക്ഷണം കാണുന്നുവെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് (ഫൈറ്റോലാൻ 50WP) 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ചുകൊടുക്കാം.

### സങ്കരയിനം വെണ്ടകളിലെ മൊസേക്ക് രോഗം



സാധാരണയായി നാടൻ ഇനങ്ങളെ അപേക്ഷിച്ച് സങ്കരയിനം വെണ്ടകൾക്ക് പൊതുവെ മൊസേക് രോഗം കാണപ്പെടില്ലായിരുന്നു. എന്നാൽ ഈയിടയായി അതിലും പ്രസ്തുത രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. രോഗബാധയേറ്റ ചെടികൾ വേരോടെ പിഴുത് കത്തിച്ചു നശിപ്പിക്കുകയാണ് പ്രധാന നിയന്ത്രണമാർഗ്ഗം. വിളപരിക്രമണം നിർബന്ധമായും പാലിക്കേണ്ടതാണ്. രോഗം പരത്തുന്ന വെള്ളീച്ചകളെ നിയന്ത്രിക്കുന്നതിനായി 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം തളിച്ചുകൊടുക്കാവുന്നതാണ്. പ്രാണികളുടെ ശല്യം കൂടുതലുണ്ടെങ്കിൽ ഡൈമെതോയേറ്റ് (റോഗർ 30EC) 1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ചുകൊടുക്കുക. അർക്ക അനാമിക, അർക്ക അഭയ്, സുസ്ഥിര, വർഷ ഉപഹാർ എന്നിവ രോഗപ്രതിരോധശേഷിയുള്ള ഇനങ്ങളാണെന്ന് കണ്ടിട്ടുണ്ട്.

## റബ്ബർ



റബ്ബറിന് കുടയിടുക (റെയിൻ ഗാർഡിനങ്ങ്) എന്ന രീതി ഇപ്പോൾ ചെയ്തുകൊടുക്കാം. മഴക്കാലമായതിനാൽ റബ്ബർ പാലിനെ ഇത്തരത്തിൽ മറയിട്ട് സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. മഴക്കാലരോഗങ്ങളിൽ പ്രധാനമാണ് റബ്ബറിന്റെ ഇലകൊഴിച്ചിൽ രോഗം. റബ്ബറിന്റെ കായ്കൾ അഴുകുകയും, പച്ചയും, പഴുത്തതുമായ ഇലകൾ വളരെ കൂടുതലായി കൊഴിഞ്ഞുപോകുകയും ചെയ്യുന്നതാണിതിന്റെ ലക്ഷണം. 1% വീര്യമുള്ള ബോർഡോമിശ്രിത ലായനി തളിച്ചു കൊടുക്കുന്നത് ഫലപ്രദമാണ്. അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് (ഫൈറ്റോലാൻ 50 WP)+ എണ്ണ മിശ്രിതം 1:5 എന്ന അനുപാതത്തിൽ തളിച്ചുകൊടുക്കാം.




MAY 2017

# അക്വാപോണിക്സിന് ഗുണങ്ങളേറെ

കേരളത്തിൽ ഇന്ന് അതിവേഗം പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഒരു കൃഷിരീതിയാണ് അക്വാപോണിക്സ്. ജലകൃഷിയും, മണ്ണില്ലാതെയുള്ള കൃഷിയും കൂടിക്കലർന്നതാണ് അക്വാപോണിക്സ്. മത്സ്യം വളർത്തലും, പച്ചക്കറി കൃഷിയും പരസ്പരം പൂരകമായി നടത്താമെന്നുള്ളതാണിതിന്റെ പ്രത്യേകത. മത്സ്യങ്ങൾക്കു നൽകുന്ന ഭക്ഷണവും അവ പുറന്തള്ളുന്ന വിസർജ്ജ്യവുമാണ് ഈ ചെടികളുടെ വളർച്ചയ്ക്കാവശ്യമായ മൂലകങ്ങൾ നൽകുന്നത്. ഈ സാങ്കേതികവിദ്യയുപയോഗിച്ച് ചെടികൾ മണ്ണിൽ വളർത്തുന്നതിനു പകരം ഗ്രാവൽ പ്രതലത്തിലാണ് വളർത്തുന്നത്. ഈ സംവിധാനം ഒരുക്കാൻ പ്രധാനമായും രണ്ട് ഭാഗങ്ങളാണ് വേണ്ടത്. മത്സ്യങ്ങളെ വളർത്താനുള്ള ടാങ്കും പച്ചക്കറികൾ നടാനുള്ള ഗ്രോബാഗും. ഇതിനായി സിമന്റ്, ഗ്ലാസ്, ഫൈബർ എന്നിവ കൊണ്ടുള്ള ടാങ്കുകളോ, ഡ്രമ്മുകളോ, കാനുകളോ ഉപയോഗിക്കാം. ഗ്രാവൽ പ്രതലത്തിൽ മണ്ണ് വരാത്തതുകൊണ്ട് ഗ്രോബെഡിൽ വളരുന്ന ചെടികളുടെ വേരുകളിലെ സൂക്ഷ്മസുഷിരങ്ങൾ അടഞ്ഞുപോകാത്തതിനാൽ അതുവഴി ചെടികൾക്ക് വെള്ളവും വളവും വേഗത്തിൽ വലിച്ചെടുക്കുന്നതിന് കഴിയുന്നതിനാൽ പെട്ടെന്ന് വളർച്ച സംഭവിക്കുന്നു. മത്സ്യത്തിന്റെ വിസർജ്ജ്യത്തിൽ അടങ്ങിയിരിക്കുന്ന അമോണിയ മത്സ്യങ്ങൾക്ക് ദോഷകരമായതിനാൽ ഇത് പമ്പ് ഉപയോഗിച്ച് പൈപ്പുകൾ വഴി ഗ്രോബെഡിൽ എത്തുകയും ഗ്രാവലിൽ കാണപ്പെടുന്ന ബാക്ടീരിയകളായ നൈട്രോബാക്ടർ, നൈട്രോസോമോണസ് എന്നിവയെ നൈട്രേറ്റ് ആക്കി മാറ്റുകയും സസ്യങ്ങൾക്ക് വലിച്ചെടുത്തു വളരാൻ സഹായിക്കുകയും ചെയ്യുന്നു. രാസവളങ്ങളും, കീടനാശിനികളും, മാലിന്യങ്ങളും കലർന്ന പച്ചക്കറികൾക്കു പകരം സമ്പൂർണ്ണ ജൈവ പച്ചക്കറികളാണ് അക്വാപോണിക്സ് വഴി ഉൽപാദിപ്പിക്കപ്പെടുന്നത്.



## നാട്ടറിവുകൾ




### നെല്ല്

- നെൽപാടത്ത് ചെറിയ കമ്പ്നാട്ടി അതിൽ എട്ടുകാലി വലകൾ (മാറാലക്കൂടുകൾ) പിടിപ്പിച്ച് വെയ്ക്കുക. അവ നെല്ലിലെ ശത്രുകീടങ്ങളെ കൊന്നുതിന്നാൻ സഹായിക്കുന്നതാണ്.
- കശുമാവില, ഉമി എന്നിവ പാടത്തുള്ള മണ്ണിൽ ഉഴുത് ചേർത്താൽ മണ്ണിന് നല്ല വായുസഞ്ചാരം കിട്ടും. കശുമാവില ചേർത്താൽ കീടബാധകളും കുറയുന്നതായി കാണാം.
- കാഞ്ഞിരത്തിന്റെയില, പാണലില, വേങ്ങയില, വേപ്പില ഇവയൊക്കെ പാടത്ത് ചേർത്താൽ രോഗകീടബാധ കുറയുന്നതാണ്.

### തെങ്ങ്

- തെങ്ങ്, കമുക് എന്നീ വൃക്ഷങ്ങൾക്ക് മഞ്ഞളിപ്പ് രോഗം സാധാരണയായി കാണാറുണ്ട്. കരിങ്കൽപ്പൊടി ഈ രോഗത്തിനെതിരെ ഫലപ്രദമാണെന്ന് കർഷകർ ഉറപ്പുപറയുന്നു.
- കൊമ്പൻചെല്ലികളെ പിടിക്കുവാൻ രണ്ടിടങ്ങഴി കാടിവെള്ളത്തിൽ അരറാത്തൽ ആവണക്കിൻകുരു അരച്ചുകലക്കി ഒരു കലത്തിൽ പുരയിടത്തിന്റെ മധ്യഭാഗത്ത് തുറന്നുവെയ്ക്കുക. ചെല്ലികൾ നിറയുമ്പോൾ കളഞ്ഞിട്ട് വീണ്ടും മരുന്ന് വെയ്ക്കാവുന്നതാണ്. മൂന്ന് ഏക്കറിന് ഒരുകലം മതിയാകും.
- തെങ്ങിന്റെ കൂമ്പുചീയലിന് മണ്ടയിൽ ഉപ്പിടുന്നത് ഫലപ്രദമാണ്.
- തെങ്ങിൻതടത്തിൽ വേപ്പിൻപിണ്ണാക്കും, ഉമിയും ചേർത്തിടുന്നത് നല്ല വിളവിന് കാരണമാകും.




Printed and Published by Project Director ATMA Kollam. Printed at Dist. Co-operative Press, Kollam, Ph : 0474-2749595. Copy: 5000. സൗജന്യ വിതരണത്തിന്